# വചനവിചിന്തനം ഫെബ്രുവരി 28 ഞായർ, 2010

**മത്താ. 20 : 20–28**

''ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ.'' (യോഹ 17:3) ഈ തിരുവചന ഭാഗത്തേക്കുറിച്ചുള്ള അറിവില്ലായ്മയാണ് ജഡമോഹങ്ങൾ നിറഞ്ഞ മനസ്സുമായി യേശുവിനെ സമീപിക്കുവാൻ സെബദി പുത്രൻമാരെയും അവരുടെ മാതാവിനെയും പ്രേരിപ്പിക്കുന്നത്. മൂന്ന് വർഷക്കാലം യേശുവിന്റെ കൂടെ ആയിരുന്നിട്ടും യേശുവിനെയും അവൻ വഴി ലഭ്യമാകുന്ന സ്വർഗ്ഗരാജ്യത്തെയും അറിയുവാൻ സാധിക്കാതെ പോയതിന്റെ പ്രത്യാഘാതമാണ് ഭൗമിക രാജ്യത്തിന്റെ അവകാശങ്ങളും സ്ഥാനമാനങ്ങളും തേടി പുറപ്പെടുവാൻ ഇവർക്ക് പ്രചോദനമാകുന്നത്. ലോകമായകളിൽ മുഴുകി അവരുടെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. ഇതാണ് അറിവില്ലായ്മയുടെ അന്ധത.

അറിയുക എന്നുപറഞ്ഞാൽ സ്നേഹിക്കുക എന്നാണർത്ഥം. ഒരു വ്യക്തിയെ അറിയുക എന്നു പറയുമ്പോൾ അവനെ മുഴുവനായും അറിയുക എന്നാണ്. അവന്റെ ചുറ്റുപാട്, കാഴ്ചപ്പാട്, മനോഭാവങ്ങൾ, ജീവിതരീതികൾ എന്നിവയെല്ലാം അറിവിന്റെ ഭാഗമാണ്. സാധാരണയായി അറിവില്ലാത്ത ഒന്നിനെക്കുറിച്ച് അറിയുവാനോ അതിനെ സ്നേഹിക്കുവാനോ നമുക്ക് സാധിക്കാറില്ല. അങ്ങനെയെങ്കിൽ അറിയാതെ ആരെയും സ്നേഹിക്കുവാൻ സാധ്യമല്ല. യേശുവിനെ അറിയുക എന്നു പറഞ്ഞാൽ അവനെയും അവന്റെ വചനങ്ങളെയും സ്നേഹിക്കുക, യേശുവിന്റെ ഇഷ്ടാനിഷ്ടങ്ങളെ നമ്മുടെ ഇഷ്ടാനിഷ്ടങ്ങളാക്കുക എന്നൊക്കെ വ്യാഖ്യാനിക്കാം. യേശുവിനെ സ്നേഹിക്കുന്നവനിൽ മാത്രമേ നിത്യജീവൻ അഥവാ സ്വർഗ്ഗരാജ്യം അവകാശമാക്കാനുള്ള ശമിക്കാത്ത ദാഹമുള്ളു. യേശുവിനെക്കുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും ശരിയായ ബോദ്ധ്യമി

ല്ലാത്തവനിൽ ജഡികതയിലേയ്ക്കു കൂപ്പുകുത്തുന്ന ഭൗതിക ലോകത്തിന്റെ സ്ഥാനമാന ങ്ങൾളുടെ മേലുള്ള ത്വര മാത്രമേ കാണു.

ഒരുവൻ ക്രിസ്ത്യാനി ആയതിനാൽ മാത്രം യേശുവിനെ അറിയണമെന്നില്ല. യേശുവിന്റെ ഉള്ളറിഞ്ഞ് പ്രവർത്തിക്കുന്നവനാണ് ക്രിസ്ത്യാനി. യേശു കാണിച്ചുതന്ന സ്നേഹത്തിന്റെ മാതൃക നമ്മുടെ ജീവിതത്തിൽ ആവർത്തിക്കുമ്പോഴാണ് യേശുവിനെ അറിഞ്ഞ് പ്രവർത്തിക്കുന്നവരായി നാം മാറുന്നത്.. ''സ്നേഹമെന്നാൽ മറ്റെല്ലാറ്റിനും മൂല്യം നല്കുന്ന മഹത്തായ ദാനം'' എന്നാണ് പരിശുദ്ധപിതാവ് ബനഡിക്ട് പതിനാറാ മൻ പാപ്പാ പറഞ്ഞത്. സ്നേഹം മൂല്യം നല്കുന്ന ഒന്നാണെങ്കിൽ അപരന്റെ മൂല്യത്തെ നശിപ്പിക്കുന്ന ഏതു പ്രവർത്തിയും സ്നേഹത്തിനെതിരും, സ്നേഹ ലംഘനവുമാണ്. യഥാർത്ഥ സ്നേഹം ഒരു വ്യക്തിയെ അവൻ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരി ക്കുന്നു. അതാണല്ലോ തികച്ചും മാനുഷികമായ അധികാരമോഹവുമായി തന്നെ സമീ പിച്ച സെബദി പുത്രന്മാരോട് സ്നേഹത്തോടുകൂടി തന്നെ പെരുമാറുവാൻ യേശുവിന് സാധിച്ചത്. അവരുടെ തെറ്റുകൾക്ക് മുമ്പിൽ യേശുവിന്റെ സ്നേഹത്തിന് കുറവു വരുന്നി ല്ല. എന്നാൽ അറിവില്ലായ്മ മൂലം തെറ്റുചെയ്യുന്നവരുടെ മുമ്പിൽ മുഖം കറുപ്പിക്കുകയും, അമർഷം കാണിക്കുകയും ചെയ്യുന്ന ശിഷ്യൻമാരെ നാം ഇവിടെ കാണുന്നു. അിറഞ്ഞോ അറിയാതെയോ നമ്മുടെ പല പെരുമാറ്റങ്ങളും, പരുഷമായ വാക്കുകളും മറ്റുള്ളവരെ മുറിപ്പെടുത്തുന്നു. ഈ മുറിപ്പെടുത്തലുകളെല്ലാം മായാത്ത മുറിപ്പാടുകളായി പലപ്പോഴും മാറുന്നു. ഇതുതന്നെയാണ് ഇവിടെ ശിഷ്യൻമാരുടെ ഇടയിലും സംഭവിക്കു ന്നത്. പണം ,പ്രശസ്തി, ചുറ്റുപാട്, സൗന്ദര്യം, സമൂഹത്തിലെ സ്ഥാനമാനങ്ങൾ എന്നിവ നോക്കി സ്നേഹിക്കുന്നവരുടെ സ്നേഹം ഒരുതരം ആധുനിക ഉപഭോഗസംസ്കാര ത്തിന്റെ അധഃപതിച്ച സ്നേഹപ്രകടനം മാത്രമാണ്. ഇന്ന് സ്നേഹം ഒരു കൊടുക്കൽ വാങ്ങൽ പ്രസ്ഥാനമായി മാറിയിരിക്കുന്നു. എന്നാൽ നാം നശ്വരമായ നേട്ടങ്ങളെ ലക്ഷ്യം വച്ചല്ല , മറിച്ച് മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പം ആയിരി ക്കണം സ്നേഹിക്കുന്നവന്റെ ലക്ഷ്യം.

ഉദയ സൂര്യന്റെ കിരണങ്ങൾ ഭൂമിയെ തലോടുന്നതിനുമുമ്പേ പിതാവിന്റെ സ്നേഹം അനുഭവിക്കാൻ ഏകാന്തത തേടി പോകുന്ന യേശുവിനെയാണ് നാം സുവിശേഷത്തിൽകാണുന്നത്. യേശുവിന്റെ ഈ മിശിഹാനുഭവമാണ് ഓരോ വിശുദ്ധകുർബാനയിലും നമുക്ക് അനുഭവമാകുന്നത്. ഈ മിശിഹാനുഭവമുള്ളവനാണ് ചെറിയവനാകാനും ശുശ്രൂഷിക്കുവാനും സാധിക്കുക. ജഡത്തിന്റെ പ്രവണതകളും, ലോകമായയുമെല്ലാം മിശിഹാനുഭവത്തിന്റെ മുമ്പിൽ വിലയുള്ളതല്ല. മിശിഹാനുഭവമുള്ളവൻ വില കല്പിക്കുന്നത് ദൈവരാജ്യത്തിനാണ്. അപ്പോഴാണ് അവിടുത്തെ രാജ്യത്തിന്റെ അവകാശികളായി നാം മാറുന്നത്. സുവിശേഷം പറയുന്നു "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും." (മത്തായി 6: 33)

**ബ്ര. ജോസഫ് കോയിക്കൽ**